

John Elomatha
MAPPLE MARANGALIL
MANHU VEEZHUMBOL
ജോൺ ഇളമത
മേപ്പിൾ മരങ്ങളിൽ
മഞ്ഞു വീഴുമ്പോൾ
N O V E L




# സാഹിത്യത്തിലെ  ആഗോളവൽക്കരണം

**(ശ്രീ ജോൺ ഇളമതയുടെ മേപ്പിൽ മരങ്ങളിൽ മഞ്ഞു വീഴുമ്പോൾ (നോവൽ) നിരൂപണം)**

**സുധീർ പണിക്കവീട്ടിൽ**

നോവലുകൾ ഒരു കാലത്ത് എഴുതുന്നയാളുടെ ദേശത്തിൻെറ പരിധിയിൽ ഒതുങ്ങിയിരുന്നു. വിദേശരാജ്യങ്ങളുടെ ചരിത്രവും, സംസ്കാരവും വായനയുടെ അല്ലെങ്കിൽ കേട്ടറിവിൻെറ വെളിച്ചത്തിൽ ചിലർ നോവലുകളിൽ ഉൾപ്പെടുത്തിയെങ്കിലും സ്വന്തം സംസ്കാരം ഉൽക്രുഷ്ടമെന്ന മുൻവിധിക്ക് അവർ പ്രാധാന്യം കൽപ്പിച്ചിരുന്നു. കുടിയേറ്റക്കാരുടെ രചനകളിൽ അവർ എത്തിപ്പെട്ട



ദേശത്തിൻെറ സംസ്കാരത്തോടുള്ള വിയോജിപ്പ് പ്രകടമാണു. അതിൻെറ ആഘാതങ്ങൾ അവരുടെ കഥാപാത്രങ്ങൾ അനുഭവിക്കുന്നതായും അവർ ചിത്രീകരിച്ചു. ഇപ്പോൾ ആഗോളവൽക്കരണത്തിൻെറ കാലത്ത് സാഹിത്യവും ആഗോളവൽക്കരിക്കപ്പെട്ടു. ദേശദേശാന്തരങ്ങളിലെ ജീവിതരീതികളും, സംസ്കാരവും മാധ്യമങ്ങൾ വഴി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പോലെ തന്നെ കുടിയേറ്റക്കാർ അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്ന കഥകളിലൂടേയും നോവലുകളിലൂടേയും അതിൻെറ ഒരു നേർച്ചിത്രം നമുക്ക് നൽകുന്നു. ഇത്തരം കഥകൾ കുടിയേറ്റസംസ്കാരത്തിനു, അതായ്ത് കുടിയേറ്റക്കാർ കൂടെകൊണ്ടു വരുന്നതും അവർ ഭാഗികമായി അവിടെ സ്വീകരിക്കുന്നതുമായ സംസ്കാരത്തിൽ മാറ്റമുണ്ടാക്കിയേക്കാം.

ഒരു പക്ഷെ പ്രവാസനോവലുകൾ എന്നു വിളിക്കുന്നത് രണ്ടു രാജ്യങ്ങളിലെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളും അവ വരുത്തി വയ്ക്കുന്ന വിനകളും അത്തരം നോവലുകൾ പ്രതിപാദിക്കുന്നത്കൊണ്ടാകാം. വാസ്തവത്തിൽ എഴുത്തുകാർ എഴുതുന്ന കലാസ്രുഷ്ടികളിൽ ഒരു ആഗോളവൽക്കരണം നടക്കുന്നുണ്ട്. അമേരിക്കയിൽ നിന്നൊരു എഴുത്തുകാരൻ എഴുതുന്ന നോവലിൽ വ്യത്യസ്തരാജ്യക്കാർ അവിടെ നയിക്കുന്ന ജീവിതവും, അവർ അനുഭവിക്കുന്ന സാംസ്കാരിക സംഘർഷങ്ങളും അതിജീവനത്തിനായുള്ള പോരാട്ടവും വിവരിക്കപ്പെടുന്നു. എങ്കിലും അമേരിക്കൻ നോവൽ, ബ്രിട്ടിഷ് നോവൽ, ഇന്ത്യൻ നോവൽ എന്നൊക്കെ ഇപ്പോഴും പ്രയോഗിക്കുന്നുണ്ട്. പണ്ടത്തെ മലയാളനോവലുകൾ പരിശോധിച്ചാൽ കാണാം അതിലെ കഥയും കഥാപാത്രങ്ങളും നടക്കുന്നത് നോവലിസ്റ്റ് ഭാവന ചെയ്യുന്ന ഒരു ദേശത്താണെന്നു. എന്നാൽ ഇന്നു സാങ്കേതികവിദ്യ വളരുകയും മനുഷ്യർ കൂടുതലായി കുടിയേറ്റങ്ങൾ തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്നതിനാൽ ഒരു വിശ്വസംസ്കാരം സാഹിത്യത്തിൽ ഉടലെടുക്കുന്നുണ്ട്.

കുടിയേറ്റക്കാർക്ക് സുപരിചിതമായ ഒരു കഥയുടെ ചുരുൾ നിവർത്തുകയാണു ശ്രീ ജോൺ ഇളമത "മേപ്പിൾ മരങ്ങളിൽ മഞ്ഞു വീഴുമ്പോൾ" എന്ന അദ്ദേഹത്തിൻെറ പുതിയ നോവലിൽ. കുടിയേറ്റക്കാരുടെ ജീവിതത്തിൻെറ ആത്മസംഘർഷങ്ങളിലേക്ക്, അതിൻെറ വെല്ലുവിളികളിലേക്ക്, അതിൻെറ

അസ്ഥിരതയിലേക്ക് ഇറങ്ങി ചെന്ന് അതൊക്കെ വായനകാരിലേക്ക് സന്നിവേശിപ്പിക്കാൻ ഒരു കുടിയേറ്റക്കാരൻെറ ജീവിതകഥ ലളിതമായി ചിത്രീകരിച്ചാൽ എളുപ്പമാകുമെന്ന് നോവലിസ്റ്റ അനുമാനിച്ചതായി വായനകാർക്ക് അനുഭവപ്പെടാം. നോവലിസ്റ്റ് തൻെറ ആമുഖത്തിൽ കുടിയേറ്റക്കാരും പ്രവാസികളും ആരാണെന്നു വ്യക്തമാക്കുന്നുണ്ട്. പ്രവാസി ധനാർജ്ജനത്തിനു ശേഷം തിരികെ തൻെറ ജന്മനാട്ടിലേക്ക് പോകുമ്പോൾ കുടിയേറ്റകാരൻ അവൻ എത്തിപ്പെട്ട സ്ഥലത്ത് സ്ഥിരതാമസമാക്കുന്നു. ഇങ്ങനെ വേരു പറിച്ച് നടുമ്പോൾ, ആ ചെടി വളരാനുള്ള സാഹചര്യങ്ങൾ അവനു അനുകൂലമായി തോന്നാതെ വരുമ്പോൾ അനുഭവിക്കുന്ന സംഘർഷങ്ങളാണു നോവലിസ്റ്റ് പറയാൻ ഉദ്ദേശിക്കുന്നത്. അതായ്ത് പ്രവാസഭൂമിയിൽ എത്തിപ്പെടുന്ന കുടിയേറ്റക്കാരൻെറ സാംസ്കാരിക ഏകീകരണത്തെപ്പറ്റിയാണു.(cultural integration)അവൻ നേരിടുന്ന സാംസ്കാരിക വൈവിധ്യത്തെപ്പറ്റിയാണ്. (cultural diversity) അവിടെ അവൻ കണ്ടെത്തുന്ന സാംസ്കാരിക സത്വത്തെയാണു. (cultural identity) തൻെറ സംസ്കാരവും വിശ്വാസങ്ങളും മറ്റുള്ളവരിൽ നിന്നും മീതെയാണെന്ന (ethnocentrism) മനുഷ്യൻെറ ചിന്തകൾ, പ്രത്യേകിച്ച് ഭാരതീയൻെറ ചിന്തകൾ, അവനു തന്നെ വിനയാകുന്നു, അവൻെറ സാഹചര്യങ്ങൾ മാറുമ്പോൾ എന്നുകൂടി സമർത്ഥിക്കാനാണ്. ഇതു വായനുകാരനു ഊഹിക്കാമെങ്കിലും നോവലിസ്റ്റ് ഇതിനൊക്കെ വേണ്ടത ഊന്നൽ നൽകിയോ എന്ന സംശയമുണ്ട്. കാരണം നോവലിസ്റ്റ് പറയുന്ന കഥയിലൂടെ അതിൻെറയൊക്കെ ഒരു യഥാർത്ഥചിത്രം വായനകാരനു തെളിഞ്ഞുകിട്ടുമെന്ന വിശ്വാസത്തോടെയാണു അദ്ദേഹം രചന നിർവ്വഹിച്ചിട്ടുള്ളത്. മേലുദ്ധരിച്ച സമ്മിശ്രവികാരങ്ങൾ നിറയുന്ന ഇതിലെ മുഖ്യകഥാപാത്രമായ ഡോക്ടർ റോയി ഇരട്ടവഞ്ചിയിൽ കാലിട്ട് നിൽക്കുന്നുണ്ട്. പ്രവാസ ഭൂമിയിലെ നന്മകൾ ആസ്വദിക്കണം എന്നാൽ ജന്മഭൂമിയിലെ സംസ്കാരം കൈവെടിയാനും വയ്യ. ഒരു ശരാശരി പ്രവാസിയുടെ തനിപകർപ്പാണു ഡോക്ടർ റോയ്.

കഥാനായകൻെറ ജീവിതകഥയിൽ ആഗന്തുകങ്ങളായ വന്നുഭവിക്കുന്ന സംഭവങ്ങൾ നോവലിസ്റ്റ് വിവരിക്കുന്നുണ്ടെങ്കിലും. നോവലിസ്റ്റ് പറയുന്നത് കഥാനായകനായ റോയ് പുതിയ സംസ്കാരവുമായ് ഇൻറഗ്രെയ്റ്റ് (integrate) ചെയ്തില്ല; അതുകൊണ്ട് അദ്ദേഹത്തിൻെറ ജീവിതത്തിൽ വിടവുകൾ ഉണ്ടായിയെന്നാണു. എന്നാൽ ഡോക്ടർ റോയിയുടെ ജീവിതം ആദ്യാവസാനം ശ്രദ്ധിക്കുമ്പോൾ അദ്ദേഹം ഇൻെറഗ്രെയ്റ്റ് ചെയ്യുന്നുണ്ട്. അതു പക്ഷെ മക്കൾ

കാനഡിയൻ സംസ്കാരം സ്വീകരിച്ചതിനു ശേഷമാണെന്നു മാത്രം. വാസ്തവത്തിൽ അയാൾ സംസ്കാരവുമായി ഇൻറഗ്രെയ്റ്റ് ചെയ്യുകയല്ല മറിച്ച് അസ്സിമിലേറ്റ് ചെയ്യുകയാണു. എല്ലാ സംസ്കാരങ്ങളിലും നല്ലതും ചീത്തയുമുണ്ട്. നല്ലതിനെ കാണാതെ ചീത്ത മാത്രം കാണുകയും അതിൽ ചെന്നു ചാടി ഒരു സംസ്കാരത്തെ മൊത്തമായി ആക്ഷേപിക്കുകയും ചെയ്യുന്ന സ്വഭാവക്കാരിൽ ഒരാളാണ് ഡോക്ടർ റോയ്.

വാസ്തവത്തിൽ ഒരു കുടിയേറ്റക്കരൻെറ പ്രയാസങ്ങൾ ഡോക്ടർ അനുഭവിക്കുന്നില്ല. മകനും മകളും കാനഡയിലെ ചെറുപ്പക്കാരുടെ ജീവിതരീതിയനുസരിച്ച് ജീവിച്ചു. വിവാഹമെന്ന കർമ്മമില്ലാതെ മകൻ ഒരു വെള്ളക്കാരി പെൺകുട്ടിയോടൊത്ത് ജീവിക്കാൻ തുടങ്ങി.. മകളോ സ്വവർഗ്ഗാനുരാഗിയായി ഏതൊ പെൺകുട്ടിയുടെ കൂടെ താമസമായി. മക്കൾ പഠിച്ച് ഉന്നത ബിരുദങ്ങൾ നേടി ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുമെന്നു ആഗ്രഹിച്ച റോയിക്ക് മക്കളുടെ പ്രവർത്തി നീതീകരിക്കാൻ കഴിയാതെ അയാൾ അസ്വസ്ഥനായപ്പോൾ കാനഡയിലും നാട്ടിലുമായി ജീവിതം കൊണ്ടാടിയ ഭാര്യക്ക് കുടുംബവുമായി ഇണങ്ങാൻ കഴിയാതെ അവർ റോയിയെ വിട്ടു ഒരു വെള്ളക്കാരൻെറ കൂടെ താമസമാക്കുന്നു. വാസ്തവത്തിൽ ഈ രണ്ടു ജീവിത മുഹുർത്തങ്ങളിൽ നിന്നാണു കഥയുടെ ഗതി നീങ്ങുന്നത്. കാനഡയിലെ ജീവിതം നൽകിയ സൗഭാഗ്യങ്ങൾക്കും, അവസരങ്ങൾക്കും വിലമതിക്കാതെ ഭാരതീയ സംസ്കാരത്തിൻെറ പേരും പറഞ്ഞു സ്വയം കഷ്ടപ്പടുകൾ ഏറ്റുവാങ്ങുന്ന ഒരു കുടിയേറ്റക്കാരനായിട്ടാണ് ഡോക്ടർ റോയിയെ കാണാൻ കഴിയുക. പല നാടുകളിൽ നിന്നുമെത്തുന്ന പ്രവാസികളെ അപേക്ഷിച്ച് ഭാരതത്തിൽ നിന്നുള്ളവരെ മാത്രം ഭയപ്പെടുത്തുന്നത് അവർക്കനുഭവപ്പെടുന്ന സാംസ്കാരിക ആഘാതമാണ്.

ഭാരതീയർ അദ്ധ്വാനശീലരും സുഖലോലുപമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരുമാണെന്നു ഇതിലെ കഥാപാത്രങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. എന്നാൽ അവർ ഭാരതത്തിൽ നിന്നും കൊണ്ടു വന്ന സാംസ്കാരിക പൈത്രുകം, കുടുംബ വ്യവസ്ഥകൾ, മൂല്യങ്ങൾ എല്ലാം കാത്തു സൂക്ഷിക്കണമെന്നു നിർബന്ധം പിടിക്കുന്നു. കുടിയേറ്റഭൂമിയിൽ ജനിച്ച് വളരുന്ന മക്കളും മാതാപിതാക്കളുടെ പാത പിന്തുടരണമെന്ന നിർബന്ധം അവർ അടിച്ചേൽപ്പിക്കുന്നു. ഇവിടെ ഒരു കാര്യം നോവലിസ്റ്റ് ചോദിക്കാതെ ചോദിക്കുന്നുണ്ട്. ഭാരതീയ സംസ്കാരം മാത്രമോ നല്ലത്? ആരും ചോദിക്കുന്ന ചോദ്യം. ഭരതീയസംസ്കാരത്തിനു നാലായിരത്തിയഞ്ഞൂറു വർഷം

പഴക്കമുണ്ടെന്നു വിശ്വസിച്ചുവരുന്നു. "സ പ്രഥമ സംസ്ക്രുതി വിസ്വവര" അർത്ഥം ലോകത്തിലെ പ്രഥമവും ഉൽക്രുഷ്ടവുമായ സംസ്കാരം എന്നും ഭാരതീയ സംസ്കാരത്തെ വിശേഷിപ്പിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ഭാരതത്തിൽ ജീവിതം വളരെ സുഗമമാകേണ്ടതല്ലേ? അവിടേയും പ്രശ്നങ്ങൾ ഉണ്ടല്ലോ? ഡോക്ടർ റോയിയുടെ പെങ്ങൾ പ്രണയനൈരാശ്യം മൂലം തൂങ്ങി മരിക്കയായിരുന്നു. നിസ്സഹായരായ പെൺകുട്ടികളുടെ കണ്ണീരു വീണു നനഞ്ഞ ശപിക്കപ്പെട്ട മണ്ണാണു ഭാരതഭൂമി. പ്രണയം പരാജയപ്പെട്ടാൽ പെൺകുട്ടികൾ കെട്ടിതൂങ്ങിയോ, വിഷം കഴിച്ചോ മരിക്കണമെന്നു ആരാണു പറഞ്ഞുവച്ചതെന്നു ആരും അന്വേഷിക്കുന്നില്ല. എന്നാൽ കുടിയേറ്റ രാജ്യങ്ങളിലെ സംസ്കാരത്തെ ചോദ്യം ചെയ്യുന്നു. മാനുഷിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന സംസ്കാരമാണു വലിയതെന്നു കുടിയേറ്റങ്ങളിലൂടെ ഭാരതീയർ മനസ്സിലാക്കുന്നതായി ഈ നോവൽ വിവരിക്കുന്നു. കുടിയേറിയ രാജ്യത്തെ സംസ്കാരത്തോട് ഇഴുകിചേരാൻ കഴിയാത്തവർ കഷ്ടപ്പാടുകളും ദുരിതങ്ങളും ഏറ്റുവാങ്ങേണ്ടി വരുമെന്നും നോവലിസ്റ്റ് സൂചിപ്പിക്കുന്നു. അതേസമയം ഡോകടർ റോയിയുടെ ജീവിതം വായനകാരിൽ കാനേഡിയൻ സംസ്കാരത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ ഉണ്ടാക്കാൻ പര്യാപ്തമാണ്. കാനേഡിയൻ സംസ്കാരത്തിൽ അലിഞ്ഞുചേരാൻ (assimilation) ഒന്നും ശ്രമിക്കാതെ ഭൗതികനേട്ടങ്ങളുടെ സുഖാനുഭൂതിയിൽ ജീവിതം ആസ്വദിക്കുന്ന ഒരാളായി റോയിയെ കാണാം. പെൻഷൻ പ്രായമാകുമ്പോഴേക്കും അയാൽ മൂന്നു സ്ത്രീകളുമായി ജീവിച്ചു. നാലാമത് ഒരു സ്ത്രീയുമായി ബന്ധം ആരംഭിച്ചേക്കാമെന്നുള്ളതിൻെറ ലക്ഷണങ്ങൾ നോവലിൻെറ അവസാനഭാഗത്തെ വിവരണങ്ങളിൽ നിന്ന് മനസ്സിലാക്കാം. മക്കളുടെ കാര്യത്തിൽ ഒഴികെ ആർഷഭാരതസംസ്കാരമൊന്നും ഇദ്ദേഹം പിൻതുടരുന്നതായി കാണുന്നില്ല. കാനേഡിയൻ സംസ്കാരത്തിൽ അലിഞ്ഞുചേരാനോ, അതിൻെറ ഭാഗമാകാനോ, അവിടെ തൻെറ ഒരു സത്വം കണ്ടെത്തുന്നതിനോ ശ്രമിക്കാതെ അതിൽ നിന്നും വേറിട്ട് നിന്ന് എന്നാൽ ആ സംസ്കാരത്തിൻെറ, രാജ്യത്തിൻെറ എല്ലാ നന്മയും അനുഭവിച്ച് ആ രാജ്യത്തെ പരിഹസിക്കയും, കുറ്റപ്പെടുത്തുകയും ചെയ്യുന്ന കുടിയേറ്റകാരെ വിമർശിക്കയാണു നോവലിസ്റ്റ്.

മക്കൾ പ്രണയബന്ധത്തിൽ ഏർപ്പെടുമ്പോൾ, അവർക്ക് അനുയോജ്യരല്ലെന്നു മാതാപിതാക്കൾ നിശ്ചയിക്കുന്ന ഇണകളെ കണ്ടെത്തുമ്പോൾ രോഗാതുരാകുകയും ആത്മഹത്യവരെ ചെയ്യുകയും ചെയ്യുന്ന മാതാപിതാക്കളിൽ നിന്നു ഡോക്ടർ റോയിയും ഭാര്യയും വ്യത്യസ്തരാണ്.മക്കൾക്ക് വേണ്ടി ആത്മാഹൂതി ചെയ്യാനൊന്നും അവർ മുതിരുന്നില്ല. കാനഡയിൽ താമസിക്കുന്ന

അനവധി മലയാളി കുടുംബങ്ങളിൽ നിന്ന് വേറിട്ട ഒരു കുടുംബത്തിൻെറ കഥ വളരെ സ്വാഭാവികമായി, വായനകാർക്ക് ബോദ്ധ്യപ്പെടും വിധം നോവലിസ്റ്റ് രചിച്ചിട്ടുണ്ട്. കാനഡയിൽ ജനിച്ച് വളരുന്ന മക്കളോട് അവർ ഇന്ത്യക്കാരാണെന്നു പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നതിനെക്കാൾ അവരെ നല്ല പൗരന്മാരായി വളർത്തുന്നതിൽ മാതാപിതാക്കൾ ശ്രദ്ധിച്ചാൽ കുടുംബ ജീവിതം സന്തുഷ്ടമാകും. അല്ലെങ്കിൽ അവർക്ക് പറ്റുന്ന തെറ്റുകളെ, കുറ്റങ്ങളെ കാനേഡിയൻ സംസ്കാരത്തോട് ബന്ധപ്പെടുത്തി കൂടുതൽ ഗൗരവതരമാക്കാതെ ശ്രദ്ധിക്കാൻ മാതാപിതാക്കൾക്ക് കഴിയണം. മക്കൾ പ്രതീക്ഷക്കൊപ്പം വളർന്നില്ല എന്ന കാരണത്താൽ സൗകര്യമനുസരിച്ച് ഭാര്യമാരെ കണ്ടെത്തി കഴിയുന്ന ഡോക്ടർ റോയ് ഒരു മാത്രുകപുരുഷനല്ല. മലയാളിയുടെ ഇരട്ടത്താപ്പു നയത്തെ നിശിതമായി നോവലിസ്റ്റ് വിമർശിച്ചതായി വായനകാർക്ക് അനുഭവപ്പെടാം.

മഞ്ഞു വീഴുംമുമ്പേ മേപ്പിൾ മരങ്ങൾ അതിൻെറ ഇലകൾ പൊഴിച്ച് തണുപ്പിനെ അതിജീവിക്കാൻ തയ്യാറാകുന്നു. എല്ലാ ഋതുവിലും സൗന്ദര്യം പ്രകടിപ്പിക്കുന്ന, മാറ്റങ്ങളെ ഉൾകൊള്ളാൻ കഴിയുന്ന വ്രുക്ഷമാണു മേപ്പിൾ. ഇലകൊഴിഞ്ഞ മരങ്ങളിൽ മഞ്ഞുവീഴുമ്പോൾ കാണാൻ ഭംഗിയാണു. പ്രതിബന്ധങ്ങൾ വരുമ്പോൾ അതിനെ നേരിട്ട് ജീവിതം സുന്ദരമാക്കുന്നതാണു ഉത്തമമെന്ന ഒരു സന്ദേശം ഈ നോവൽ നൽകുന്നു. മാറുന്ന ഋതുഭേദങ്ങൾക്കൊപ്പം മാറുന്നു മേപ്പിൾമരങ്ങൾ. അതു പ്രക്രുതിയുടെ നിബന്ധനയാണു. കുറെ മനുഷ്യർ മാത്രം ദ്രവിച്ചുപോയ ഏതൊ സംസ്കാരത്തിൻെറ ചരടിൽ തൂങ്ങി പൊട്ടി വീണു ചുറ്റുപാടിനെ ശപിച്ച് കഴിയുന്ന ദയനീയ രംഗം നോവലിസ്റ്റ് ഒരു കുടുംബ കഥയിലൂടെ നമുക്ക് മുന്നിൽ നിരത്തി വയ്ക്കുന്നു.

## ശുഭം